(സി) ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ചിരിക്കുന്ന അത്രയും തസ്തികകളിൽ ഡോക്ടർമാരോ ജീവനക്കാരോ സ്ഥിരമായി ഇല്ലാത്തവ എത്ര ; വേണ്ടത്ര തസ്തികകൾ ഇല്ലാത്തതിനാൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ അനുമതി നിഷേധിച്ച മെഡിക്കൽ കോളേജുകൾ ഏതൊക്കെ ?

ഉത്തരം

(എ) 9 മെഡിക്കൽ കോളേജുകൾ. ഇവയ്ക്കെല്ലാം ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് നടപടി

121 (828) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കോളേജ് പൂർണ്ണമായും സർക്കാർ മേഖലയിലാണോ തുടങ്ങുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കോളേജിന്റെ തറക്കല്ലിടൽ പരിപാടിയിൽ കോളേജ് എന്നത്തേക്ക് യാഥാർത്ഥ്യമാക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) കോളേജ് യാഥാർത്ഥ്യമാക്കുന്നതിന് നാളിതുവരെയായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; എത്ര തുക ബഡ്ജറ്റിൽ അനുവദിച്ചുവെന്നും ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതെ.

(സി) കാസർഗോഡ് മെഡിക്കൽ കോളേജ് 2016-17 വർഷം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാസർഗോഡ് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ ഇതിനകം സ്വീകരിച്ചു

1. പൂർണ്ണമായും സമയബന്ധിതമായും പൂർത്തീകരിക്കേണ്ട അനുബന്ധ സൗകര്യങ്ങൾ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി.

2. കോളേജിനും ആശുപത്രിക്കും താമസസൗകര്യങ്ങൾക്കുമായി 388 കോടി രൂപയുടെ അടങ്കൽ വരുന്ന എസ്റ്റിമേറ്റ് ക്രമീകരിച്ചു

3. 60 ഏക്കർ സ്ഥലം മെഡിക്കൽ കോളേജിനുവേണ്ടി ഏറ്റെടുത്തു.

4. പ്രോജക്ട് നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുവാൻ കിറ്റ്കോ-യെ ചുമതലപ്പെടുത്തി.

5. 1 കോടി രൂപ ചെലവിൽ ക്യാമ്പസിൽ റോഡുകൾ, കഴൽക്കിണർ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി. കാസർഗോഡ് മെഡിക്കൽ കോളേജിനായി 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 11,25,00,000 രൂപ അനുവദിച്ചതിൽ 19,95,000 രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്പെഷ്യൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. സാമ്പത്തിക സഹായത്തിനായി (170 കോടിയുടെ) R.I.D.F-ൽപ്പെടുത്തി നബാർഡിന് നിർദ്ദേശം സമർപ്പിച്ചിട്ടുമുണ്ട്.

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഒഴിവുകൾ

122 (829) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പ്രൊഫസർ, അസ്സോ. പ്രൊഫസർ , അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ എത്ര ഒഴിവുകളുണ്ടെന്ന് കോളേജ് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പുതുതായി എത്ര സർക്കാർ മെഡിക്കൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇവിടെ ഓരോന്നിലും ഏതൊക്കെ തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും ഇതിലെ നിയമനത്തിനു സ്വീകരിച്ച നടപടിയും വ്യക്തമാക്കുമോ ;

(സി) നിലവിലെ മെഡിക്കൽ കോളേജുകളിൽനിന്നും തസ്തിക ഉൾപ്പെടെ ഡോക്ടർമാരെ പുതിയ മെഡിക്കൽ കോളേജുകളിലേക്ക് സ്ഥലം മാറ്റുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; .

LIBRARY ARCHIVES Kerala Legislative Assembly